

# റീത്ത്

പൂമധു തേടി കരി -
    വണ്ടു ചെന്നപ്പോളെല്ലാ -
പൂക്കളും ശ്രീകോവിലിൽ
    പുഷ്പാര്ച്ചനയ്ക്കായി പോയി !

സങ്കടമുണർത്തിക്കാൻ
    വണ്ടണഞ്ഞപ്പോൾ പഞ്ച-
ലോഹദൈവങ്ങൾ കപ്പൽ
    കേറി ഫോറിനിൽ പോയി !

പാതയോരത്തെ കാക്ക-
    കാഷ്ഠിച്ച നെഹ്രുവിൻ
കീശയിലെഴും പനീർ-
    പ്പൂവിലും തേൻ തേടുമ്പോൾ

എങ്ങുനിന്നെങ്ങോ വർണ്ണ-
    പ്പൂക്കളും നിറച്ചൊരു
ലോറിയെത്തുന്നു, വണ്ടു
    കണ്ടു സന്തോഷിക്കുന്നു.

വിഷലിപ്തമാം കീട -
    നാശിനി തളിച്ചൊരു
പൂവുകൾ റീത്താകുന്നു
    വണ്ടിന്റെ ജഡം മേലെ !

